ക്രമനമ്പർ	ബ്ലോക്ക്	തെരഞ്ഞെടുത്ത തുക
(1)	(2)	(3)
1.	നിലമ്പൂർ	2,14,322
2.	കൊണ്ടോട്ടി	1,50,036
3.	പരപ്പനങ്ങാടി	83,774
4.	തിരൂർ	1,04,866
5.	പൊന്നാനി	3,28,940
6.	വള്ളിക്കുന്ന്	1,06,770
7.	വണ്ടൂർ	4,53,046
8.	പെരിന്തൽമണ്ണ	2,02,073
9.	മങ്കട	95,281
10.	മലപ്പുറം	82,238
11.	തിരൂരങ്ങാടി	1,05,762
12.	കുറ്റിപ്പുറം	1,00,260
13.	കാളികാവ്	98,854
	ആകെ	21,26,222

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

248 (3403) ശ്രീ. പി.ഉബൈദുള്ള (പൊന്നാനി) : താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും ഭൂപരിഷ്കരണവുമുള്ള മന്ത്രി ദയവായി മറുപടി നൽകുമോ:

(a) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗം വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളുടെ പൊതുവിവരം ഇവ നടപ്പാക്കുന്നതിനായി പ്രധാന ഇനങ്ങളിൽ വിതരണം ചെയ്ത തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും പ്രസ്തുത ഇനങ്ങളിൽ ചെലവാക്കിയ തുക എത്രയെന്നാം വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും ലഭ്യമായ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ പ്ലാൻ, നോൺ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയുടെയും വിവരം വർഷംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) വിവരം ശേഖരിച്ചുവരികയാണ്.

നൈപുണ്യ വികസന പദ്ധതി

249 (3404) ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഭവനനിർമ്മാണവുമുള്ള ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly